വിഷയം : ഒറ്റമുറിയുള്ള വീട്

ചില്ലുജാലകത്തിന് പുറത്തേക്ക് നോക്കി നിൽക്കുന്ന

പെൺകുട്ടി

മധുരമൂറുന്ന കിളികളുടെ കളനാദം നിറഞ്ഞു നിൽക്കുന്ന ഒരു പ്രഭാതം. തലേന്ന് കണ്ണീർ വാർത്തു കരഞ്ഞ കരിവാനം ഇന്ന് പാൽപുഞ്ചിരി തൂകി നിൽക്കുന്നു. ആ നഗരമധ്യത്തിൽ ഫ്ളാറ്റിലെ മുറിയിൽ കിടന്നുറങ്ങുകയാണ് അവൾ. ജാലകത്തിനുള്ളിലൂടെ സൂര്യകിരണങ്ങൾ അകത്തേക്ക് എത്തിനോക്കി. ആ വിടവിലൂടെ വീട്ടിനുള്ളിലേക്ക് തള്ളിക്കയറിയ മാരുതൻ അവളെ വന്നു പുണർന്നു. പുഞ്ചിരിയോടെ അവളെഴുന്നേറ്റു. വർഷങ്ങൾക്കു ശേഷം അവളുടെ ചുണ്ടിൽ വിരിഞ്ഞ ആ പാൽപുഞ്ചിരിക്ക് ഒരു പ്രത്യേക ഭംഗി തന്നെയായിരുന്നു.

പെട്ടെന്നാണ് അവളുടെ ശ്രദ്ധ ക്ലോക്കിലേക്ക് ചെന്നു നിന്നത്. "ദൈവമേ, ആറുമണിയായോ, എത്ര നാളുകൾക്കു ശേഷമാണ് ഞാനിതുപോലെ സമാധാനമായൊന്ന് ഉറങ്ങുന്നത്." അവൾ മൂരി നിവർന്ന് എഴുന്നേറ്റുകൊണ്ട് ടി.വി ഓണാക്കി. ഇന്നവളുടെ ജീവിതത്തിലെ അവൾ കാത്തിരുന്ന ദിനമാണ്. അവളുടെ ലക്ഷ്യം നിറവേറിയ ദിനം.

അവൾ റിമോട്ടെടുത്ത് ന്യൂസ് ചാനൽ വച്ചു. അതിലെ പ്രധാന വാർത്ത ഇങ്ങനെയായിരുന്നു.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64th Kerala School Kalolsavam, January 14 to 18, 2026, Thrissur

Item Code: 640 Participant Code: 036

"തന്റെ വാക് ചാതുര്യം കൊണ്ട് പ്രഗത്ഭരായ വക്കീലന്മാരെ പോലും വായടപ്പിച്ച നാടിന്റെ കൊച്ചു വക്കീലിന് അഭിനന്ദനങ്ങൾ" "നിരപരാധിയായ പ്രതിയുടെ വധശിക്ഷ സമർത്ഥമായി ഒഴിവാക്കിയ ചുണക്കുട്ടിക്ക് അഭിനന്ദനങ്ങൾ. ഈ മിടുക്കിയുടെ ബുദ്ധിയും സാമർത്ഥ്യവും കാരണം ഒരു കുടുംബം തന്നെയാണ് രക്ഷപ്പെട്ടിരിക്കുന്നത്. ഇതോടെ ഈ രാജ്യത്ത് വധശിക്ഷ റദ്ദാക്കി കൊണ്ടുള്ള നിയമം നിലവിൽ വന്നിരിക്കുന്നു. പശ്ചാത്താപത്തെക്കാൾ വലിയ ശിക്ഷയാണോ വധശിക്ഷ?" എല്ലാ ന്യൂസ് ചാനലുകളിലെയും ഇന്നത്തെ പ്രധാന വാർത്ത ഇതു തന്നെയായിരുന്നു. അവൾ ടി.വി ഓഫാക്കി. അപ്പോഴാണ് മുറിയുടെ കതകിൽ ആരോ മുട്ടുന്ന ശബ്ദം കേട്ടത്. അവൾ ചെന്ന് വാതിൽ തുറന്നു.

"ആഹാ ടീച്ചറമ്മയോ," എങ്ങോട്ടാ പതിവില്ലാതെ അണിഞ്ഞൊരുങ്ങി ഈ കൊച്ചു വെളുപ്പാൻ കാലത്ത്?

പോക്കു "ഗുഡ്മോർണിങ്ങ് മോളൂ, ഇതാ കോഫി പിടിക്ക് ഞാനേ അമ്പലം വരെ പോകാമെന്നു കരുതി. ഈ ചുണ്ടിലെ പുഞ്ചിരി തെളിയിച്ചതിന് ഭഗവാനോട് നന്ദി പറയണം"

"അവസാനം ദൈവം എന്റെ വിളി കേട്ടു. അല്ലേ. ഈ ഒറ്റമുറിയുള്ള വീട്ടിലേക്കുള്ള കതകിലൂടെ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കടന്നു വന്നുവല്ലേ. ജീവിതമാകുന്ന ഈ വീട്ടിൽ ഞാൻ ഒറ്റയ്ക്കായിരുന്നു. ഞാനെന്ന ഒറ്റമുറി മാത്രമേ ഇവിടെ ഉണ്ടായിരുന്നുള്ളൂ. ഇന്നും ഈ വീട്ടിൽ ഒറ്റമുറി തന്നെയാണ്. പക്ഷേ ആ മുറിയിൽ കളി ചിരികൾ നിറയ്ക്കാൻ ഇന്നെന്റെ കൂടെ ഒത്തിരി പാവപ്പെട്ട ജനങ്ങളുണ്ട്. എനിക്ക് അതു മതി. അമ്മ പൊയ്ക്കോളൂ. ഭഗവാനോട് എന്റെയും അന്വേഷണം പറയണേ...."

ടീച്ചറുടെ കയ്യിൽ നിന്നും ട്രോഫി വാങ്ങിക്കൊണ്ട് അവളാ മുറിയുടെ വാതിൽ ചാരിയിട്ടു. തിരിഞ്ഞു നടക്കുമ്പോൾ ആ ടീച്ചറുടെയും മനം സന്തോഷത്താൽ കുളിരു കോരുകയായിരുന്നു. അതിനു പിന്നിലെ രഹസ്യം അവളുടെ മുഖത്തെ പ്രസന്നതയും പുഞ്ചിരിയുമായിരുന്നു.

കയ്യിലെ ട്രോഫിയുമായി അവൾ ജനാലക്കരികിലെത്തി കർട്ടൻ നീക്കി ജാലകം തുറന്നിട്ടു. ഇന്നലെ വരെ ശബ്ദമുഖരിതമായിരുന്ന റോഡ് ശാന്തമായിരിക്കുന്നു. തിരയൊഴിഞ്ഞ കടൽ പോലെ ആ റോഡിലേക്ക് ചില്ലു ജാലകത്തിലൂടെ അവളുടെ കണ്ണുകൾ നീണ്ടു. ശാന്തമായ ആ അന്തരീക്ഷത്തിൽ അവളങ്ങനെ നിൽക്കുകയാണ്. അതിലൂടെ കടന്നു പോയ മൃദുവായ മാരുതനൊപ്പം അവളുടെ ചിന്തകളും സഞ്ചരിച്ചു. 17 വർഷങ്ങൾക്കു മുൻപുള്ള ആ ആറു വയസ്സുകാരിയിലേക്ക്.

നമുക്കും അവളുടെ ഭൂതകാലത്തിന്റെ താളുകൾ മറിച്ചൊരു യാത്ര പോയാലോ? നഷ്ടപ്പെടലുകളുടെ ബാല്യത്തിലേക്കൊരു യാത്ര. അവളുടെ പേര് ആർദ്ര.

2ാം ക്ലാസ്സിലെ വാർഷിക പരീക്ഷയ്ക്കു ശേഷം ക്ലാസ്സ് ഫസ്റ്റിനുള്ള ട്രോഫിയുമായി ഓടി വരികയാണ് നമ്മുടെ കുഞ്ഞാർദ്ര. അവളെയും കാത്ത് ആൽമര ചുവട്ടിൽ നിൽക്കുന്ന അവളുടെ അച്ഛൻ ആ കാഴ്ച കണ്ട് തുള്ളിച്ചാടിക്കൊണ്ട് യുറേക്കാ എന്ന് വിളിച്ചു പറഞ്ഞു കൊണ്ടിരുന്നു. ആർദ്രയുടെ അച്ഛൻ അയാളുടേതായൊരു ലോകത്താണ്. മറ്റുള്ളവരുടെ ഭാഷയിൽ പറഞ്ഞാൽ ഒരു പൊട്ടൻ. അവളുടെ അമ്മ അവൾ ജനിച്ചപ്പോൾ തന്നെ മരിച്ചുപോയി. അമ്മ മാലാഖയായി എന്നാണ് മുത്തശ്ശി അവൾക്കു പറഞ്ഞു കൊടുത്തിട്ടുള്ളത്. ആ ഒറ്റമുറിയുള്ള കുടിലിൽ ആർദ്രയും അച്ഛനും മുത്തശ്ശിയും മാത്രമായിരുന്നു ഉണ്ടായിരുന്നത്.

"അച്ഛാ നോക്കിയേ എനിക്കു കിട്ടിയ ട്രോഫിയാ"

"ഇതെന്റെയാ എനിക്കു വേണം ഇത്. എന്റെ കയ്യിൽ മുത്തശ്ശി തന്ന പൈസയുണ്ടല്ലോ..."

"അച്ഛനിതു പിടിച്ചോളൂട്ടോ. നമുക്ക് ആ ചില്ലിട്ട കടയിൽ നിന്നും ഒരു ഡ്രോയിങ്ങ് സെറ്റ് വാങ്ങിയാലോ. ഞാനെത്തിര മോഹിച്ച സാധനമാ അത്"

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ആ [illegible] [illegible] മുത്തുകൾ കോർത്ത പിടിച്ച്

എനിക്കു കൊതിയാകുന്നു." ആർദ്ര അപ്പൂനെ ആശ്വസിപ്പിച്ചു. അന്നത്തെ ദിവസം മുത്തശ്ശിയോട് ഉണ്ടായ സംഭവങ്ങളെല്ലാം വിവരിച്ചു കൊടുക്കുകയായിരുന്നു അവർ രണ്ടുപേരും. മുത്തശ്ശി അവരെ സമാധാനിപ്പിച്ചു.

ദിവസങ്ങൾ കടന്നു പോയി. ഒരു ദിവസം ആർദ്രയും അപ്പുവും കൂടി കുന്നിൻ മുകളിലേക്ക് ആടുകളെ മേയ്ക്കാനായി കൊണ്ടുപോയി. അവിടെ മേഘനും കൂട്ടുകാരും ട്രക്കിങ്ങിനായി വന്നിരുന്നു. അവരെ കണ്ട അന്ന ആർദ്രയുടെ അപ്പൂന്റെ അടുത്തേക്ക് ഓടി വന്ന് ക്ഷമ പറഞ്ഞു. അല്ലെങ്കിലും പിള്ള മനസ്സിൽ വൈരാഗ്യമില്ലല്ലോ. അന്നയുടെ ആവശ്യപ്രകാരം ആർദ്രയും അപ്പുവും കൂടി അവളുടെ കൂടെ ഓടി കളിക്കാൻ തുടങ്ങി. ഓടിയോടി ഒരു സ്ഥലത്തെത്തിയപ്പോൾ ആർദ്രയുടെ കൺമുന്നിൽ നിന്നും അവർ രണ്ടുപേരും അപ്രത്യക്ഷമായി. ആർദ്ര മേഘന്റെ അടുത്തേക്ക് ഓടി.

ഇതേസമയം അന്നയും ആർദ്രയുടെ അപ്പുവും കുന്നിലെ പാറക്കെട്ടിന്റെ അടുത്തെത്തിയിരുന്നു.

" അന്നാ അങ്ങോട്ട് ഓടണ്ട. അവിടെ ഒരു രാക്ഷസനുണ്ട് അത് പിടിച്ചു വിഴുങ്ങുമെന്ന് മുത്തശ്ശി പറഞ്ഞിട്ടുണ്ട്."

എന്നാൽ ഇതു കേൾക്കാതെ കളിയുടെ ലഹരിയിൽ അവിടേക്കോടിയ അന്ന വഴുക്കലുള്ള ആ പാറക്കെട്ടിൽ കാൽവഴുതി വെള്ളത്തിലേക്ക് വീണു. ആർദ്രയുടെ അച്ഛൻ വെള്ളത്തിലേക്ക് അന്നയെ രക്ഷിക്കാനായി എടുത്തു ചാടി. അന്നയെ കോരിയെടുത്ത് അയാൾ പാറക്കെട്ടിൽ കിടത്തി... അവളുടെ വയറിൽ തുളഞ്ഞു കയറിയ കൂർത്ത കല്ല് വലിച്ചൂരി നിൽക്കുന്ന സമയത്താണ് മേജറും ആർദ്രയും അവരെ അന്വേഷിച്ചുകൊണ്ട് അവിടെയെത്തുന്നത്. തന്റെ മകളെ ആ അവസ്ഥയിൽ കണ്ട മേജർ തെറ്റിദ്ധരിച്ചു. അയാൾ ആർദ്രയുടെ അച്ഛനെ അറസ്റ്റു ചെയ്യാനായി ഉത്തരവിട്ടു. ആർദ്രയുടെ അച്ഛൻ കരഞ്ഞുകൊണ്ട് താൻ അന്നയെ രക്ഷിച്ചതാണ് എന്ന് പറഞ്ഞു കൊണ്ടിരുന്നു. ഇതു കണ്ടുനിന്ന ആർദ്ര എന്റെ അച്ഛനെ വെറുതെ വിടൂ. അച്ഛൻ അങ്ങനൊന്നും ചെയ്യില്ല എന്നു പറഞ്ഞുകൊണ്ട് അവരോടായി അപേക്ഷിച്ചു. എന്നാൽ തന്നെയും കടന്നുപോയ ആ ജീപ്പിനെ നോക്കി നിൽക്കാൻ മാത്രമേ അവൾക്കായുള്ളൂ. വീട്ടിലെത്തിയ ആർദ്ര മുത്തശ്ശിയെയും കൂട്ടി ജയിലിലേക്ക് പോയി പക്ഷേ അവിടെയുള്ളവർ അവളെ അച്ഛനെ കാണിക്കാനുള്ള

64-ാമത് കേരള സ്കൂൾ കലോത്സവം
തിരുത്തി....................
പ്രോഗ്രാം കമ്മിറ്റി തൃശ്ശൂർ

അനുവാദം കൊടുത്തില്ല. പല തവണ ആർദ്ര അച്ഛനെ കാണാൻ ജയിലിലേക്ക് പോയി. എന്നാൽ നിരാശയായിരുന്നു ഫലം. ടീച്ചർ തന്റെ സ്വാധീനം വച്ച് ആർദ്രയുടെ അച്ഛന് ജാമ്യം വാങ്ങി കൊടുക്കാമെന്ന് ഉറപ്പു കൊടുത്തു. എന്നാൽ ജാമ്യാപേക്ഷയുടെ കോടതി വിധി നടക്കുന്ന ദിവസം മേജർ തന്റെ സ്വാധീനമുപയോഗിച്ച് ജാമ്യാപേക്ഷയ്ക്കുള്ള വഴികൾ പൂട്ടി. ആർദ്രയുടെ അച്ഛൻ തന്റെ മകൾ അന്നയെ കൊന്നതാണെന്നും അയാൾ മാനസികരോഗിയായി അഭിനയിക്കുകയാണെന്നും മേജർ മൊഴി കൊടുത്തു. അങ്ങനെ ആർദ്രയുടെ അച്ഛന്റെ ജാമ്യാപേക്ഷ കോടതി തള്ളി കളഞ്ഞു. കോടതിയുടെ അന്തിമ വിധി പ്രകാരം അയാളെ തൂക്കിലേറ്റാൻ തീരുമാനിച്ചു.

ആർദ്ര തന്റെ അച്ഛനെ രക്ഷിക്കാനുള്ള പല വഴികളും തേടി നടന്നു. മേജറിന്റെ കാൽക്കൽ വീണ് അപേക്ഷിച്ചെങ്കിലും അയാളിൽ ഒരു കുലുക്കവും ഉണ്ടായില്ല. ദിവസങ്ങൾ കൊഴിഞ്ഞു വീണു. വധശിക്ഷയ്ക്ക് 2 ആഴ്ച മാത്രം ബാക്കി. ആർദ്ര ടീച്ചറുടെ കൂടെ അച്ഛനെ കാണാൻ ജയിലിലേക്ക് പോയി. തിരികെ നിരാശയോടെ നടക്കുമ്പോൾ അവൾ ആരേക്കാ

എന്നുള്ള വിളി ജയിലിന്റെ വൻമതിലിനു പിന്നിലൂടെ കേട്ടു. ആർദ്ര അവിടേക്കു ചെന്നു. അവിടെയുള്ള വലിയൊരു ഓവിന് ഉള്ളിലൂടെ അവൾ ജയിലനകത്തേക്കു കയറി. "അച്ഛാ ഞാൻ അച്ഛനെ രക്ഷിക്കാൻ വരൂട്ടോ. പേടിക്കണ്ട"

"ഞാനൊരു തെറ്റും ചെയ്തിട്ടില്ല"

"അത് എനിക്കറിയാം അച്ഛാ. ഞാൻ പോവ്വാട്ടോ ഞാൻ അച്ഛനെ രക്ഷിക്കുമെന്ന് ഉറപ്പു നൽകുന്നു"

ഒരു ദിവസം കുന്നിൻമുകളിലേക്ക് ആടുകളെ മേയ്ക്കാൻ ആർദ്ര പോയ സമയത്ത് അവിടെ പട്ടാള വേഷമണിഞ്ഞ ഒരാൾ മരത്തിൻ ചുവട്ടിലിരിക്കുന്നുണ്ടായിരുന്നു. അയാൾ ആർദ്രയോട് താൻ അവളെ സഹായിക്കാമെന്നു പറഞ്ഞു.

"അങ്കിൾ എനിക്കെങ്ങനെ നന്ദി പറയണമെന്ന് അറിയില്ല. ഞാനേ ഇപ്പോ വരാം എങ്ങും പോകല്ലേ."

വീട്ടിലെത്തി മുത്തശ്ശിയോട് അയാൾ സഹായിക്കാമെന്ന് പറഞ്ഞതൊക്കെ അവൾ പറഞ്ഞു കൊടുത്തു. പക്ഷേ മുത്തശ്ശി അവളോട് അതു വിശ്വസിക്കരുതെന്ന് പറഞ്ഞു. ഇത് കേൾക്കാതെ ആർദ്ര മുത്തശ്ശിയുണ്ടാക്കിയ റൊട്ടിയുമായി പ്രതീക്ഷയോടെ കുന്നിൻ മുകളിലേക്ക്

ഓടി. എന്നാൽ അയാളുടെ സ്ഥാനത്ത് ഒരു ജോഡി ബൂട്ടുകൾ മാത്രമേ അവൾക്കു കാണാൻ സാധിച്ചുള്ളൂ. നിരാശയോടെ അവൾ തിരിഞ്ഞു നടന്നു.

ഒരിക്കൽ ആർദ്രയുടെ വീട്ടിലേക്ക് ഒരു വീഡിയോഗ്രാഫർ കയറി വന്നു. അയാൾ തന്റെ കയ്യിലെ പെൻഡ്രൈവിൽ അന്നുണ്ടായ സംഭവങ്ങളെല്ലാം പതിഞ്ഞിട്ടുണ്ടെന്നും അയാൾക്ക് ആർദ്രയുടെ അപ്പനെ രക്ഷിക്കാനാകുമെന്നും പറഞ്ഞു. ഇതു കേട്ട ആർദ്രയിലും മുത്തശ്ശിയിലും പ്രതീക്ഷയുടെ ഒരു നീർക്കണം ഉടലെടുത്തു.

അങ്ങനെ ആർദ്രയും ആ വീഡിയോഗ്രാഫറും കൂടി മേജറിന്റെ വീട്ടിലേക്കു ചെന്നു.

"സാർ ഞാനന്ന് ഉണ്ടായ സംഭവങ്ങളെല്ലാം ഈ ക്യാമറയിൽ പകർത്തിയിരുന്നു. അയാൾ നിരപരാധിയാണ്. ഈ പെൻഡ്രൈവിൽ അതിന്റെ എല്ലാ വിഷ്വൽസും ഉണ്ട്"

"മേജർ അങ്കിൾ, എന്റെ അപ്പനെ ഒന്നും ചെയ്യല്ലേ.... അപ്പനൊരു പാവമാണ്."

"ആ പെൻഡ്രൈവിങ്ങു തരൂ." മേജർ അത് പ്ലേ ചെയ്തു നോക്കി. എന്നിട്ട് നിഗൂഢതനിറഞ്ഞ ചിരിയോടെ അവരോടായി പറഞ്ഞു: "നമുക്കു നോക്കാം"

"ഒത്തിരി നന്ദിയുണ്ട് സാർ" അവർ രണ്ടുപേരും അവിടെനിന്നും പോയപ്പോൾ മേജർ ആ പെൻഡ്രൈവ് കത്തിച്ചു കളഞ്ഞു കൊണ്ട് പൊട്ടി ചിരിച്ചു.

ദിവസങ്ങൾ കടന്നുപോയി. ഇന്നാണ് വധശിക്ഷയ്ക്കുള്ള വിധി നടപ്പിലാക്കുന്ന ദിവസം. ആർദ്ര തന്റെ അച്ഛനെ രക്ഷിക്കാനാകുമെന്ന പ്രതീക്ഷയോടെ ഉറക്കമെണീറ്റു. "മുത്തശ്ശി നമുക്ക് ജയിലിലേക്ക് പോകാം. അച്ഛനെ മേജർ രക്ഷിക്കാമെന്ന് പറഞ്ഞിട്ടുണ്ട്" അവളെഴുന്നേൽക്കുന്നതിന് തൊട്ടു മുൻപായിരുന്നു മുത്തശ്ശി ടി.വി യിൽ വധശിക്ഷയ്ക്കായി തന്റെ മകനെ കൊണ്ടുവരുന്ന ദൃശ്യങ്ങൾ കണ്ടത്. മുത്തശ്ശി തന്റെ സങ്കടം ഉള്ളിലൊതുക്കി കൊണ്ട് അവളോടായി പറഞ്ഞു

"മോളെ നീ അങ്ങോട്ട് പോകണ്ട. നമുക്ക് ഇവിടെ വീട്ടിലിരിക്കാം"

"പറ്റില്ല. എനിക്കെന്റെ അച്ഛന്റെ കയ്യും പിടിച്ച് ജയിലിന്റെ പുറത്തു കടക്കണം. മുത്തശ്ശി കണ്ടോ ഞാൻ അച്ഛനെ രക്ഷിച്ചു കൊണ്ടു വരുന്നത്"

ഇങ്ങനെ പറഞ്ഞു കൊണ്ട് ആർദ്ര [illegible]. അവിടെനിന്നും ഓടി പോയി. പിന്നിൽ നിന്നും മുത്തശ്ശി അവളെ നെഞ്ചുപൊട്ടി കരഞ്ഞു കൊണ്ട്

തിരികെ വിളിച്ചു. എന്നാൽ അതൊന്നും കേൾക്കാതെ അവൾ ഓടിയകന്നു. "സ്റ്റേഷനിൽ ടീച്ചറുടെ ഒപ്പം വധശിക്ഷ നടക്കുന്ന സ്ഥലത്തേക്ക് പ്രതീക്ഷയോടെ നടന്നു വന്ന ആർദ്ര അവിടെയുള്ള കാഴ്ച്ച കണ്ട് സ്തംഭിച്ചു നിന്നു. തൂക്കു കയറിൽ തൂങ്ങി നിൽക്കുന്ന തന്റെ അച്ഛൻ അവൾ പൊട്ടി കരഞ്ഞു കൊണ്ട് അച്ഛനരികിലേക്ക് ഓടാൻ ശ്രമിച്ചു. എന്നാൽ അവിടെയുള്ള പോലീസുകാർ അവളെ തടഞ്ഞു വെച്ചു. ഈ സമയം അവളുടെ കണ്ണുകൾ കൈ കൊട്ടി ചിരിക്കുന്ന മേജറിന്റെ മേലേക്ക് പതിഞ്ഞു. അവൾ അലറി കരഞ്ഞു.

"ഞാൻ തെറ്റൊന്നും ചെയ്തിട്ടില്ല മോളേ...."

അയാളുടെ ശബ്ദം അവിടെ പ്രതിധ്വനിച്ചു. രണ്ട് പോലീസുകാർ അയാളുടെ കഴുത്തിലെ കയർ മുറുക്കി. ശേഷം പാതി ചലനമറ്റ ശരീരം കയർ മുറിച്ച് താഴേക്കിട്ടു. ഇതുകണ്ട ആർദ്ര ഓടി അച്ഛനരികിലെത്തി "മോളേ തെറ്റു ചെയ്യാത്തവരെ ശിക്ഷിക്കാൻ നീ അനുവദിക്കില്ലെന്ന് എനിക്ക് വാക്കു തായോ."

ആർദ്ര അച്ഛന്റെ കൈവെള്ളയിലേക്ക് തന്റെ കുഞ്ഞി കൈകൾ ചേർത്തു വച്ചുകൊണ്ട് ഒരു തരം

വാശിയോടെ പറഞ്ഞു. "അപ്പാ ഞാനിതാ വാക്കു തരുന്നു. ഒരു കുടുംബത്തിനും ഇങ്ങനെയൊരു ഗതിയുണ്ടാകാൻ ഞാൻ അനുവദിക്കില്ല. വാക്ക്" ചലനമറ്റ തന്റെ അപ്പന്റെ കവിളിൽ മുത്തം നൽകി ടീച്ചറുടൊപ്പം ആർദ്ര വീട്ടിലേക്കു നടന്നു. വീട്ടിലെത്തിയപ്പോൾ കണ്ട കാഴ്ച വെള്ള പുതച്ചു കിടക്കുന്ന മുത്തശ്ശിയായിരുന്നു. "അപ്പന്റൊപ്പം മുത്തശ്ശിയും മാലാഖയായി പറന്നു പോയല്ലേ എന്നെ ഒറ്റയ്ക്കാക്കിയില്ലേ" അവൾ പൊട്ടി കരഞ്ഞു. ആ ഓർമ്മറിയുള്ള വീട്ടിൽ പിന്നീടുള്ള കാലം അവൾ തനിച്ചായിരുന്നു. കുറച്ചു വലുതായപ്പോൾ ടീച്ചറവളെ ഫ്ളാറ്റിലേക്കു കൂട്ടി കൊണ്ടു വന്നു. അവൾ മിടുക്കിയായി പഠിച്ചു. വിജനമായ വഴികളിലൂടെ നടന്ന് അവസാനം എൽ. എൽ. ബി പാസായി.

"അപ്പാ ഞാനിതാ അപ്പനു തന്ന വാക്കു പാലിച്ചിരിക്കുന്നു." വാഹനങ്ങളുടെ തിരക്കാർന്ന റോഡിലേക്കു നോക്കി കൊണ്ട് അവൾ മൊഴിഞ്ഞു. ജീവിതത്തെ കരയ്ക്കടുപ്പിക്കാൻ നെട്ടോട്ടമോടുന്ന ഒത്തിരി മനുഷ്യ മുഖങ്ങൾ. ജീവിത തിരക്കുകളുടെ ശബ്ദം ആ റോഡിൽ അലയടിച്ചു.

ഒരു ചിരിയോടെ അവൾ തന്റെ മുറിയുടെ ചില്ലുജാലകം അടച്ചിട്ടു. തിരിഞ്ഞു നടക്കുമ്പോൾ അവളുടെ കണ്ണുകളിൽ കൃതജ്ഞതയുടെയും അഭിമാനത്തിന്റെയും പ്രകാശം നിറഞ്ഞു കാണാമായിരുന്നു. ഒരു ചിരിയോടെ അവൾ ഓരോ ചുവടും വച്ച് ആ ഒറ്റ മുറിയിൽ നിന്നും നടന്നകന്നു. റോഡിലപ്പോഴും വാഹനങ്ങളുടെ ശബ്ദം അലയടിച്ചുകൊണ്ടിരുന്നു. ജീവിതമാകുന്ന വീട്ടിലെ ഒറ്റ മുറിയായ ഒത്തിരി മനുഷ്യരെ ആ വാഹനങ്ങൾക്കിടയിൽ കാണാമായിരുന്നു.

x———x